Web site: www.kwa.kerala.gov.in 'ജലം ജീവാമൃതം' Fax: 91-0471-2324903
Tel : 0471-2328654

# KERALA WATER AUTHORITY

Jalabhavan
Thiruvananthapuram – 695033
Kerala – India

Draft #6 of File 7008/AEIII (OPERATIONS)/2022/KWA Approved by Technical Member on 15-Jun-2022 06:13 PM - Pag

## ടെക്നിക്കൽ മെമ്പറുടെ നടപടിക്രമം, തിരുവനന്തപുരം

**ഹാജർ : ശ്രീ .ജി .ശ്രീകുമാർ**

വിഷയം:-അകാലൂമിൽ രേഖപ്പെടുത്തുന്ന ലീക്കുകൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നത് സംബന്ധിച്ച്

---

നം: 7008/AEIII (OPERATIONS)/2022/കെ ഡബ്ല്യൂ എ

തീയതി: 15.06.2022

---

*പരാമർശം:*-1 ) മാനേജിങ് ഡയറക്ടറുടെ 05.05.2021 തിയതിയിലെ 19198/AE1(SU)/2015/KWA നടപടിക്രമം
2 ) ചീഫ് എഞ്ചിനീയർ (എച്ച .ആർ & ജനറൽ ) 22.05.2021 തിയതിയിലെ കത്ത് നമ്പർ 19198/AE1(SU)/2015/KWA
3 ) ടെക്നിക്കൽ മെമ്പറുടെ 20.04.2022 തിയതിയിലെ സൂപ്രണ്ടിങ് എഞ്ചിനീയർ മാരുമായിട്ടുള്ള അവലോകന യോഗം

1916 കാൾ സെൻഡറിൽ നിന്നും ഫോൺ മുഖേനെ നേരിട്ട് അറിയിക്കുന്നതും, അകാലൂമിൽ രേഖപ്പെടുത്തുന്നതുമായിട്ടുള്ള പരാതികൾ യഥാ സമയം പരിഹരിക്കുവാനുള്ള ഉത്തരവാദിത്തം നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ മാർക്കാണ് .ഫീൽഡിൽ ഉള്ള അസിസ്റ്റന്റ് എൻജിനിയർമാർ എല്ലാവരും ജലജീവൻ മിഷൻ പ്രവർത്തനവുമായി ബന്ധപ്പെട്ട് തിരക്കിലായതിനാൽ , യഥാസമയം ലീക്കുകൾ പരിഹരിക്കുന്നതിനുവേണ്ടി ഈ ഉത്തരവാദിത്തം ഓവർസീയർമാർക്കും കുടി നൽകുവാൻ സൂചന 3 പ്രകാരം നടത്തിയ യോഗത്തിൽ തീരുമാനമായിട്ടുണ്ട്. സൂചന 1 ,2 പ്രകാരം ഫീൽഡിൽ ജോലി നോക്കുന്ന ഓവർസീയർമാർക്കും, ഡ്രാഫ്റ്റ്മാൻമാർക്കും ഔദ്യോഗിക സിം കാർഡുകൾ നൽകിയിട്ടുണ്ട് .ആയതിനാൽ ഇനി മുതൽ അടിയന്തിരഘട്ടങ്ങളിൽ 1916 കാൾ സെൻഡറിൽ നിന്നും ഓവർസീയർമാരുടെ ഔദ്യോഗിക നമ്പറിലേക്കായിരിക്കും ബന്ധപ്പെടുന്നത് . സൂചന 3 പ്രകാരം നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ വിവിധ ഫീൽഡ് ഓഫീസുകളിൽ നിന്നും ആ ഓഫീസുകളിലെ ഓവർസീയർമാർക്ക്/ ഡ്രാഫ്റ്റ്മാൻമാർക്ക് ചുമതല ഉള്ള മേഖലകളുടെ വിവരങ്ങൾ ഗൂഗിൾ ഷീറ്റ് പ്രകാരം ശേഖരിക്കുകയുണ്ടായി .ഈ മേഖലകളിൽ നിന്നും അകാലൂമിൽ രേഖപ്പെടുത്തുന്ന പരാതികൾ പരിഹരിക്കുവാനുള്ള ഉത്തരവാദിത്തം , ഇനി മുതൽ ഈ ഓവർസീയർമാർക്കും/ ഡ്രാഫ്റ്റ്മാൻമാർക്കും നൽകി ഇതിനാൽ ഉത്തരവാകുന്നു .സൂചന 2 പ്രകാരം 257 സിം കാർഡുകൾ ആണ് ഫീൽഡിലെ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളത് . ഈ സിം കാർഡുകൾ അതാതു ഓഫീസുകളിലെ തസ്തികകൾക്കാണ് അനുവദിച്ചിരിക്കുന്നത് .സ്ഥലം മാറ്റം കിട്ടിയ ഉദ്യോഗസ്ഥർ സിം കാർഡുകൾ കൈവശം വച്ചിട്ടുള്ള പക്ഷം അടിയന്തിരമായി ഇവ അതാതു ഓഫീസുകളിൽ തിരിച്ചു കൈമാറേണ്ടതും ,അതാതു ഓഫീസ് മേധാവികൾ ഇക്കാര്യം ഉറപ്പു വരുത്തേണ്ടതുമാണ്. ഇനിയും സിം കാർഡുകൾ ലഭിക്കാത്ത ഓവർസീയർമാർ ഓഫീസ് മേധാവി മുഖേനെ ഓപ്പറേഷൻ യൂണിറ്റ് അസ്സിസ്റ്റന്റ് എഞ്ചിനിയറുമായി (94969000684) ആയി ബന്ധപ്പെടേണ്ടതതാണ് .ഫീൽഡിലേക്ക് ഔദ്യോഗിക കാര്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള സിംകാർഡുകൾ സ്വിച്ച് ഓഫ് ചെയ്തുവയ്ക്കാനോ,

കൈമാറ്റം ചെയ്യാനോ പാടുള്ളതല്ല.

ഈ ഉത്തരവ്, ജല വിതരണ ശൃംഖലയും മറ്റു അനുബന്ധ സംവിധാനങ്ങളും വേണ്ട വിധം പരിപാലിച്ചും, ലീക്കുകൾ സമയാസമയം പരിഹരിച്ചും, ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിനുള്ള നിലവിലുള്ള ഉത്തരവാദിത്വത്തിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർമാരെ ഒരുതരത്തിലും ഒഴിവാക്കുന്നതിനല്ല, മറിച്ച് ഓവർസീയർമാർക്കും കൂടി ഇതിൽ ഉത്തരവാദിത്വം നൽകുന്നതിന് വേണ്ടിയാണെന്ന കാര്യവും ഇതിനാൽ അറിയിക്കുന്നു. സെക്ഷൻ ഓഫീസുകളിൽ ലീക്കുകൾ പരിഹരിക്കുന്നതിനുള്ള പൂർണ ഉത്തരവാദിത്തം തുടർന്നും അസിസ്റ്റന്റ് എഞ്ചിനിയറിൽ നിക്ഷിപ്തമായിരിക്കും .

*Sd/-*
G Sreekumar
ടെക്‌നിക്കൽ മെമ്പർ

Draft #6 of File 7008/AEIII (OPERATIONS)/2022/KWA Approved by Technical Member on 15-Jun-2022 06:13 PM - Page 2

The document is digitally approved. Hence signature is not needed.